പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2998 07.12. 2018 - ൽ മറുപടിയ്ക്ക്.

# തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

*ചോദ്യം*

ശ്രീ.എ.എം. ആരിഫ്

,, കെ.ഡി. പ്രസേനൻ

,, കെ. ദാസൻ

,, ഐ.ബി. സതീഷ് :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) തൊഴിൽ കമ്പോളത്തിൽ സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽ നൈപുണ്യ മികവുയർത്തുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ; | (എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽ നൈപുണ്യ മികവുയർത്തുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ<br>3. കൗശൽ കേന്ദ്രകൾ<br>4. അക്രഡിറ്റേഷൻ<br>5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ.<br>KASE ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ<br>1. എംപ്ലോയബിലിറ്റി സെന്ററുകൾ<br>2. കരിയർ ഡെവലപ്പ്മെന്റ് സെന്റർ |
| (ബി) പുതുതായി ആരംഭിച്ച ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, തൊഴിൽ നൈപുണ്യ വർദ്ധനവിന് നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) ഐ.ടി.ഐ സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ സാധിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ |

| | |
|---|---|
| | നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനമാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, (IIIC) യിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി 38 കോഴ്സുകൾ ആണ് നിലവിൽ നടത്തുന്നത് . |
| (സി) സംസ്ഥാനത്തെ പാർശ്വവൽകൃതരുടെയും സ്ത്രീകളുടെയും ജോലി ലഭ്യത വർദ്ധിപ്പിച്ച് മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) സംസ്ഥാനത്തെ സ്ത്രീകളുടെ ജോലി ലഭ്യത വർദ്ധിപ്പിച്ച് മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, കുടുംബശ്രീയുമായി സഹകരിച്ച ഡ്രൈവിംഗ്, ജെറിയാട്രിക് കെയർ എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ ഹോംസ്റ്റേയിൽ പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്ററുകളും എംപ്ലോയബിലിറ്റി സെന്ററുകളും നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഇവയുടെ പ്രവർത്തനം വിപുലീകരിക്കാൻ ലക്ഷ്യമിട്ടുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിനായി ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് KASE നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികളായ കരിയർ ഡവലപ്മെന്റ് സെന്ററുകളും എംപ്ലോയബിലിറ്റി സെന്ററുകളും നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>കരിയർ ഡെവലപ്മെന്റ് സെന്റർ (CDC)</u>**<br>തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതക്കനുസരിച്ച തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഉപരിപഠനവുമായി ബന്ധപ്പെട്ട എല്ലാവിധ സംശയങ്ങൾക്കും ഈ സെന്ററിൽ നിന്നും പരിഹാരം ലഭിക്കും. മികച്ച കോഴ്സുകൾ, പഠനാനന്തരം ഉള്ള തൊഴിൽ സാധ്യത, ഓരോ കാലഘട്ടത്തിലെയും തൊഴിൽ വിപണിയുടെ പൊതുസ്വഭാവം, പുതിയ |

പ്രവണതകൾ തുടങ്ങി നിരവധി കാര്യങ്ങളിൽ അറിവ് ലഭിക്കുന്നതിന് സെന്റർ സഹായകരമാകും.കൂടാതെ വിവിധ സർക്കാർ -പൊതു-സ്വകാര്യ മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷ പരിശീലന രീതികൾ (കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്, എൻട്രൻസ് എക്സാം ഫോർ സെൻട്രൽ യൂണിവേഴ്സിറ്റി, പി.എസ്.സി പരീക്ഷകൾ etc.) തുടങ്ങിയ വിവരങ്ങളും സെന്ററിൽ നിന്നും ലഭിക്കും.. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട് എന്നിവിടങ്ങളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കായംകുളം, വൈക്കം, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

**<u>എംപ്ലോയബിലിറ്റി സെന്ററുകൾ</u>**

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട് , കണ്ണൂർ, കോട്ടയം, ആലപ്പുഴ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഇടുക്കിയിലും, തിരുവനന്തപുരത്തും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ